## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 451 29.06.2016-ൽ മറുപടിക്ക്

### കാരശ്ശേരി സഹകരണ ബാങ്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോർജ് എം. തോമസ് :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) മുൻ സർക്കാർ സഹകരണ നിയമത്തിൽ ഭേദഗതി വരുത്തി, കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് പഴയ കോഴിക്കോട് താലൂക്ക് പ്രവർത്തന പരിധിയായി നിശ്ചയിച്ചതിനെതിരെ താലൂക്കിലെ സഹകാരികളും ജീവനക്കാരും നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടില്ല. കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് സഹകരണ നിയമം വകുപ്പ് 7(1)(സി)യിൽ ഇളവനുവദിക്കുകയാണുണ്ടായത്. |
| (ബി) എങ്കിൽ, ഇതിന്മേലെടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (ബി) കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് സഹകരണ നിയമം വകുപ്പ് 7(1)(സി)യിൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിനെതിരെ വിവിധ സഹകരണ ബാങ്കുകൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിൽ സർക്കാർ ഉത്തരവ് ശരിവെച്ച് കൊണ്ട് ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയും, ടി വിധിന്യായത്തിന്മേൽ വിവിധ സഹകരണ |

| | | |
|---|---|---|
| | | സംഘങ്ങൾ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി.(സി) 10079/10080/2016 നമ്പരായി കേസ് നിലനിൽക്കുന്നുമുണ്ട്. ആയതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) പ്രാഥമിക സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമായേക്കാവുന്ന ഇത്തരം ഉത്തരവുകളെ മറികടക്കുന്നതിന് നിയമഭേദഗതി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;<br>(ഡി) എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) & (ഡി) | സർക്കാരിന് കേരള സഹകരണ സംഘം നിയമം/ചട്ടം എന്നിവയിൽ നിന്നും ഇളവ് അനുവദിക്കുന്നതിന് പ്രസ്തുത നിയമത്തിൽ/ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുതാത്പര്യം കണക്കിലെടുത്താണ് ഇത്തരം ഇളവുകൾ സർക്കാർ നൽകിവരുന്നത്. |

**സെക്ഷൻ ഓഫീസർ**